# 2024 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു
ബിൽ

പീഠിക.—2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് (2009 -ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2 -ാം വകുപ്പിനുള്ള ഭേദഗതി.—2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009 -ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2 -ാം വകുപ്പിൽ, (ജിഎ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ജിഎ) "ഡിവിഡന്റ് " എന്നാൽ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്ന നിക്ഷേപത്തിന് പ്രസ്തുത ഏജൻസികൾ ബോർഡിന് നൽകേണ്ടതായ തുകയും സർക്കാരിന്റെ വിഹിതവും ചേർത്ത് പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് അല്ലെങ്കിൽ ഗുണഭോക്താക്കൾക്ക് ഉറപ്പായ തുക അനുവദിക്കുന്നതിലേക്കായി ബോർഡിന് അനുവദിച്ചു കിട്ടുന്ന തുക എന്നർത്ഥമാകുന്നു;".

3. 8 എ വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 8 എ വകുപ്പിലെ നിലവിലുള്ള വ്യവസ്ഥയെ (1) -ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1) -ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, (1) -ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന പദ്ധതിയിൽ, മുൻകാലപ്രാബല്യത്തോടുകൂടിയോ, പിൽക്കാല പ്രാബല്യത്തോടുകൂടിയോ, എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ, വിട്ടുകളയുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.".

4. 9 -ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9 -ാം വകുപ്പിൽ,—

(1) (3) -ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ബോർഡിൽ, ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം, സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ച് ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) പ്രവാസി കേരളീയരെ (വിദേശം) പ്രതിനിധീകരിക്കുന്ന അഞ്ച് ഡയറക്ടർമാർ;

(ii) പ്രവാസി കേരളീയരെ (ഭാരതം) പ്രതിനിധീകരിക്കുന്ന രണ്ട് ഡയറക്ടർമാർ;

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന നാല് ഉദ്യോഗസ്ഥർ (എക്സ്-ഒഫീഷ്യോ);

(iv) ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിനെ പ്രതിനിധീകരിക്കുന്ന ഒരു ഡയറക്ടർ (എക്സ്-ഒഫീഷ്യോ);

(v) ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (എക്സ്-ഒഫീഷ്യോ);

(vi) നോർക്ക-റൂട്ട്സിൽ നിന്നുള്ള ഒരു പ്രതിനിധി (എക്സ്-ഒഫീഷ്യോ);

(vii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡയറക്ടർ.";

(2) (4) -ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ബോർഡിന്റെ ഡയറക്ടർമാരിൽ നിന്നും പ്രവാസി കേരളീയൻ (വിദേശം) ആയ ഒരാളെ, സർക്കാർ, അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ്.";

(3) (5) -ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

5. 10 -ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 10 -ാം വകുപ്പിൽ,—

(1) (1) -ാം ഉപവകുപ്പിൽ "കാലാവധി" എന്ന വാക്കിനു ശേഷം "ഗസറ്റ് വിജ്ഞാപന തീയതി മുതൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (3) -ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു ഡയറക്ടറുടെ മരണമോ, രാജിയോ, നീക്കം ചെയ്യപ്പെടലോ അല്ലെങ്കിൽ മറ്റുവിധത്തിലോ ഉണ്ടാകുന്ന ഒരു ആകസ്മിക ഒഴിവ്, സർക്കാർ, കഴിയുന്നത്ര വേഗം നികത്തേണ്ടതും, അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന

ആൾക്ക്, ആരുടെ സ്ഥാനത്തേക്കാണോ അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്യപ്പെട്ടത്, അയാളുടെ  ശേഷിക്കുന്ന ഔദ്യോഗിക കാലയളവിലേക്ക് മാത്രം ഉദ്യോഗം വഹിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.”.

2024 ഒക്ടോബർ മാസം 14-ാം  തീയതി കേരള സംസ്ഥാന നിയമസഭ ഈ ബിൽ പാസ്സാക്കി.

സ്പീക്കർ